# പുതുത്, വ്യവസ്ഥാപിതം, യാഥാസ്ഥിതികം...

**ടി.കെ. സുനിൽ:** ആദിവാസി സമരത്തിൽ ബുദ്ധിജീവികളുടെ പങ്കാളിത്തത്തെ എങ്ങനെയാണ് സണ്ണി കാണുന്നത്?

**സണ്ണി എം. കപിക്കാട്:** അവസാനഘട്ടത്തിൽ മാത്രമാണ് ബുദ്ധിജീവികൾ ആ സമരത്തിലേക്കു വന്നത്. അന്നിറക്കിയ നോട്ടീസിന്റെ തലക്കെട്ടുതന്നെ "സി.കെ. ജാനുവിന്റെ വാക്കുകൾക്ക് സാംസ്കാരിക കേരളം ചെവി കൊടുക്കണം" എന്നായിരുന്നു. പൊതുസമൂഹത്തിന് സ്വയം നവീകരിക്കാൻ ലഭിച്ച ഒരവസരമായിരുന്നു അത്. അത് ആദിവാസികളുടെ പ്രശ്നമല്ല, പൊതുസമൂഹത്തിന്റെ സമരമാണ്.

തിരുവനന്തപുരത്തെ സമരം നാല്പത്തെട്ടു ദിവസം നീണ്ടുനിന്നു. ഒരു ദിവസം അഞ്ഞൂറുപേർക്ക് ഭക്ഷണം വേണമായിരുന്നു. നഗരത്തിലെ നൂറുകണക്കിന് പട്ടികജാതി കോളനികളിൽനിന്നാണ് അരിയും പലവ്യഞ്ജനങ്ങളും എത്തിക്കൊണ്ടിരുന്നത്. വേറാരും സഹകരിച്ചില്ല. ബി.ജെ.പിക്കാരോ മറ്റോ ഒരു വാഴക്കൊലയും രണ്ടു വെള്ളരിക്കയും കൊണ്ടു വന്നിട്ട് ടി.വി. ക്കാരെക്കൊണ്ട് പടമെടുപ്പിച്ചു. സമരം തീരുമ്പോൾ രണ്ടരച്ചാക്ക് അരി മിച്ചം വന്നു എന്നത് അർത്ഥസമ്പന്നമായ ഒരു സൂചനയാണ്.

അഭിപ്രായ രൂപീകരണത്തിൽ ബുദ്ധിജീവികൾ ഇടപെട്ടിട്ടുണ്ട്. അതവരുടെ കാര്യമാണ്, ആദിവാസി പ്രശ്നമല്ല.

**എ.കെ.രാമകൃഷ്ണൻ:** ബുദ്ധിജീവികൾക്കിടയിൽ നിന്ന് പോസിറ്റീവ് എൻഗേജ്മെന്റുണ്ടായ സംഭവമായിട്ടാണ് ഞാനതിനെ കാണുന്നത്. ഭരണകൂട ഭീകരതയുണ്ടായപ്പോൾ അതിലിടപെടാൻ കുറച്ചുപേരെങ്കിലും ശ്രമിച്ചു. ആ ഇടപെടൽ ആദിവാസികളുടെ അവകാശങ്ങൾക്കുവേണ്ടി തുടർച്ചയായി നിലനിർത്താനായിട്ടില്ല എന്നത് സത്യമാണ്. പൊതുസമൂഹം എന്നൊക്കെ പറയാവുന്ന ഒന്നുണ്ടോ എന്നത് തീർത്തും സംശയാസ്പദമാണ്.

**സണ്ണി:** നാലാം ലോകവാദത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗം പൗരസമൂഹത്തിന് അധികാരം പ്രയോഗിക്കാൻ അവസരം വേണമെന്നതാണ്. പൗരസമൂഹത്തിലേക്ക് ഇനിയും എത്തിയിട്ടില്ലാത്തവരെയും ജനാധിപത്യപരമായ ഇടങ്ങൾ ഇനിയും കിട്ടിയിട്ടില്ലാത്തവരെയും കുറിച്ചെന്ത് എന്ന് കോട്ടയത്ത് ഒരു സമ്മേളനത്തിൽവച്ച് എം.പി. പരമേശ്വരനോടു ഞാൻ ചോദിച്ചു: പ്രത്യേകിച്ചു മറുപടിയൊന്നും ലഭിച്ചില്ല. ഇവിടെയൊരു സിവിൽ സൊസൈറ്റി നിലവിലുണ്ടെന്ന സങ്കല്പത്തിൽ നിന്നാണദ്ദേഹം തുടങ്ങുന്നതു തന്നെ. അതേസമയം ഇനിയുമൊരു വിപ്ലവം നടത്താൻ ശേഷിയുള്ള വിപ്ലവപ്പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടി എന്ന സങ്കല്പത്തിൽ നിന്നാണ് വിജയൻമാഷ് തുടങ്ങുന്നത്. അങ്ങനെയല്ലെന്ന് കേരളത്തിലെല്ലാവർക്കുമറിയാം. പക്ഷേ, വിജയൻമാഷിനു മാത്രം അറിയില്ല.

**എ.കെ. രാമകൃഷ്ണൻ:** അവരുടേത് ശീതസമരഭാഷയിലുള്ള ഒരേർപ്പാടാണല്ലോ. കുഞ്ഞനന്തൻ നായരുടെയൊക്കെ കാര്യം തമാശയാണ്. തോമസ് ഐസക്കിന്റെ സി.ഐ.എ. ബന്ധം കണ്ടുപിടിക്കാൻ ഇപ്പോ പറക്കും എന്നൊക്കെയാണ് പ്രസ്താവനകൾ. ഹോളിവുഡ് സിനിമയിൽ 007 എന്നൊക്കെ പറയുന്ന കക്ഷികളുണ്ടല്ലോ, കറുത്ത തൊപ്പിയും സൂട്ടുമൊക്കെ ധരിച്ച്, കറുത്തപെട്ടിയൊക്കെ എടുത്ത്...അതുപോലെ! അതും ബർലിനിലേക്ക്. ബർലിൻ മതിൽ പൊളിഞ്ഞു പോയത് അവിടെയിരുന്നിട്ടും അറിഞ്ഞില്ലെന്നു പറഞ്ഞാലെന്തു ചെയ്യും?

സി.ഐ.എ.യും കേരളവും എന്ന മാതൃഭൂമി ലേഖനത്തിൽ രണ്ടു യൂണിവേഴ്സിറ്റികൾ സി.ഐ.എ. സ്ഥാപിച്ച

---

2005 മാർച്ച് 18-ാം തീയതി എ.കെ.രാമകൃഷ്ണൻ, സണ്ണി എം.കപിക്കാട്, രേഖാരാജ്, ടി.കെ. സുനിൽ, എം.ആർ രേണുകുമാർ, ദിലീപ് രാജ് എന്നിവർ കോട്ടയത്തുവച്ച് നടത്തിയ സംവാദത്തിൽനിന്ന്.

താണ് എന്നു കുഞ്ഞനന്തൻ നായർ പറഞ്ഞിട്ടുണ്ട്. അവ രണ്ടും പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ സ്ഥാപിക്കപ്പെട്ടതാണ്. 1940-കളിലാണ് സി.ഐ.എ.ഉണ്ടാവുന്നത്. ഈ ചർച്ചയിലൊക്കെ എങ്ങനെയാണിടപെടുക? അച്ചടിക്കുന്നവരുടെ ഉത്തരവാദിത്തമാണ് വസ്തുതകൾ പരിശോധിച്ചുറപ്പിക്കുക എന്നത്.

**സുനിൽ:** ആദിവാസി സമരത്തിൽ പുറം സമൂഹത്തിന്റെ ഇടപെടലുകളുടെ അനുഭവം സണ്ണി പറഞ്ഞു. ആദിവാസികൾക്കിടയിൽ നിന്നുതന്നെ ഒരു ബുദ്ധിജീവി വിഭാഗം ഉയർത്തിക്കൊണ്ടു വരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രസ്ഥാനം ചിന്തിച്ചിട്ടുണ്ടോ?

**സണ്ണി:** നമ്മളാരെയും വളർത്തേണ്ട, അവർ വളർന്നു കൊള്ളും. വളർത്താൻ ശ്രമിക്കുന്നത് കുഴപ്പമാണ്, ആരും വളരുകയില്ല. തെക്കൻ തിരുവിതാംകൂർ മുതൽ മലബാർ വരെയുള്ള കേരളത്തിന്റെ ചരിത്രം നോക്കുക. അയിത്ത ജാതിക്കാരെ കൈപിടിച്ചുയർത്താനായിരുന്നു മലബാറിലെ ശ്രമം. തിരുവിതാംകൂറിൽ ഒരു പുള്ളി ആരുടെയും കൈപിടിക്കാതെ നേരിട്ടങ്ങിറങ്ങി അടികൊടുക്കുകയായിരുന്നു. മലബാറിലെ പ്രശ്നങ്ങൾ ഇപ്പോഴും തീർന്നിട്ടില്ല. അതുകൊണ്ട് നമ്മൾ ആദിവാസിയുടെ കൈപിടിക്കേണ്ട, കൈ വിട്ടേച്ചാ മതി.

**എ.കെ.രാമകൃഷ്ണൻ:** പൊതുസമൂഹത്തിന്റെ ഇടപെടലുകൾ സ്വന്തം മാറ്റത്തിനുതന്നെ വേണ്ടിയാണെന്ന് സണ്ണി നേരത്തെ സൂചിപ്പിച്ചത് ശരിയാണ്. ഇന്ത്യൻ ഭരണഘടന എന്താണു പറയുന്നതെന്ന് സർക്കാരിനെയും മറ്റുള്ളവരെയും പഠിപ്പിച്ചത് ജാനുവും പ്രസ്ഥാനത്തിലുള്ള മറ്റുള്ളവരുമാണ്. ആദിവാസി സ്വയംഭരണം ഭരണഘടനയുടെ ഭാഗമാണ്, ഏത് ഷെഡ്യൂളിൽ, എത്രാമത്തെ വകുപ്പിൽ എന്നൊക്കെ നിയമസഭാ സ്പീക്കറെയും മന്ത്രിസഭയെയും പൊതുജനത്തെയും പഠിപ്പിച്ചു. ഔപചാരികവിദ്യാഭ്യാസമൊന്നുമില്ലാത്തവർ അതുള്ളവരെ ഭരണഘടനയെപ്പറ്റി പഠിപ്പിക്കേണ്ട അവസ്ഥയാണ്. നിശ്ചയമായും സമരങ്ങളിലൂടെയാണ് ഇവിടെ ബോധനവീകരണം നടക്കുന്നത്. ജനാധിപത്യത്തിന്റെ നൈയാമിക വ്യവസ്ഥകൾ എന്താണ്—എങ്ങനെയാണവ നിഷേധിക്കപ്പെടുന്നത്—എന്നൊക്കെയുള്ള രാഷ്ട്രീയപാഠം സമൂഹം പഠിക്കുകയായിരുന്നു.

സിവിൽ സമൂഹത്തെപ്പറ്റി പണിതീർന്ന ഒരു മോഡൽ ഉണ്ടാക്കുന്നത് ലക്ഷണയുക്തമായ പോസിറ്റിവിസ്റ്റ് സമീപനമാണ്. ബദൽ എന്നു പറയുന്നതും ഇതുപോലെ പണിതീർന്ന സങ്കല്പമാണ്. ജീവസ്സുറ്റ ഇടപെടലുകളിലൂടെയും സമരങ്ങളിലൂടെയും ത്യാഗങ്ങളിലൂടെയും ഉണ്ടാക്കിയെടുക്കേണ്ട ഒന്നാണ് സിവിൽസമൂഹം. മാറ്റത്തെ മുൻകൂർ പ്രവചിച്ചശേഷം ഇങ്ങനെ മാത്രമേ മാറാൻ പാടുള്ളൂ എന്നു ശഠിക്കാൻ പാടില്ല.

**ദിലീപ് രാജ്:** പ്രാദേശികമായി പ്രശ്നാധിഷ്ഠിതമായി ഒരു പ്രസ്ഥാനം രൂപപ്പെടുത്തുമ്പോൾ പ്രായോഗികമായി അതിനു നേരിടേണ്ടിവരുന്ന അടിയന്തിര ശത്രു മിക്കപ്പോഴും വ്യവസ്ഥാപിത മാർക്സിസ്റ്റുകളാവും. സ്വന്തം പ്രശ്നങ്ങളെപ്പറ്റി ആളുകൾ സ്വയം സംസാരിക്കുമ്പോൾ അതുമായി സംവാദത്തിലേർപ്പെടുന്നതിനുപകരം തകർക്കുകയോ സ്വാംശീകരിക്കുകയോ ആണ് ഇടതുപക്ഷശക്തികളുടെ തന്ത്രം. സ്വന്തം നിലനില്പ് അപകടത്തിലാണെന്ന ഭീതിയല്ലേ ഇതിനു പിന്നിൽ?

**എ.കെ. രാമകൃഷ്ണൻ:** ഇത്തരം പ്രസ്ഥാനങ്ങളോടു സംസാരിക്കാനുള്ള ഭാഷ ഇവിടത്തെ രാഷ്ട്രീയപാർട്ടികൾക്കില്ല. മുൻകൂർ നിശ്ചയിച്ച ചില പദ്ധതികളുമായി പോകുന്നതുകൊണ്ടാണ് അവർക്കതറിയാത്തത്. ആശയവിനിമയത്തിനുള്ള രീതികളോ ഭാഷയോ കമ്മ്യൂണിസ്റ്റ് പാർട്ടികൾ ആർജ്ജിച്ചിട്ടില്ല.

മാത്രവുമല്ല, ഏതെങ്കിലും വിഭാഗം സ്വയം പ്രതിനിധീകരിക്കുമ്പോൾ ഇത്തരം ബൃഹദ് അവകാശവാദങ്ങൾക്ക് അർത്ഥം നഷ്ടപ്പെടുമെന്ന പ്രശ്നമുണ്ട്. ആളുകളുടെ വിചാരങ്ങളിലും പ്രസ്ഥാനങ്ങളിലും വൈവിധ്യവത്കരണത്തിനും ഏകീകരണത്തിനുമുള്ള പ്രവണതകൾ ഒരേ സമയത്തുൾപ്പെട്ടിട്ടുണ്ട്. വിവിധ പ്രസ്ഥാനങ്ങളുടെ ഐക്യം എന്നത് ശരിക്കുമുള്ള ഒരു സാധ്യതയാണ്. എന്നാൽ ഐക്യത്തിന്റെ സാധ്യത മുൻകൂർ നിർണ്ണയിക്കുകയും വൈവിധ്യങ്ങളുടെ സാധ്യതതന്നെ ഇല്ലാതാക്കുകയും ചെയ്യുന്നതാണ് പ്രശ്നം. വ്യത്യാസങ്ങളെ സംവാദാത്മകമായി ഒരുമിച്ചുചേർക്കുന്ന പൗരസമൂഹത്തെ ലക്ഷ്യമാക്കുന്ന രാഷ്ട്രീയം ആണ് ആവശ്യം.

**ദിലീപ്:** ദേശരാഷ്ട്രത്തെ ആധാരമാക്കുന്ന രാഷ്ട്രീയ കർതൃത്വങ്ങൾ അടിമുടി ഉടച്ചുവാർക്കപ്പെടുന്ന തരത്തിലല്ലേ ഈ പുതുപ്രസ്ഥാനങ്ങൾ വരുന്നത്? വ്യത്യാസങ്ങളെ ഒരുമിച്ചു ചേർക്കാനുള്ള ഇടങ്ങളും സാധ്യതകളും ദേശാതിർത്തികളെ മറികടന്നു കൊണ്ടല്ലേ രൂപപ്പെടുന്നത്?

**എ.കെ.രാമകൃഷ്ണൻ:** ആഗോളതലം എന്നു നാം വിളിക്കുന്നത് പരസ്പരമേറ്റുമുട്ടുന്ന താത്പര്യങ്ങളുടെ മണ്ഡലത്തെയാണ്. അത് ഒരേസമയം ഗ്ലോബലും ലോക്കലുമാണ്. സാമൂഹ്യപ്രസ്ഥാനങ്ങളുടെ മാത്രം ഇടമല്ല അത്, കമ്പോളത്തിന്റെയും എൻ.ജി.ഒ.കളുടെയുമൊക്കെ സ്ഥലമാണ്. ഓരോ രാഷ്ട്രത്തിലെ പൗരർക്കും ബാധകമാകുന്ന നിയമങ്ങൾ ഇന്ന് തദ്ദേശീയ ഭരണകൂടങ്ങളിലൂടെ മാത്രമല്ല, അന്താരാഷ്ട്രതലത്തിലും ഉണ്ടാക്കപ്പെടുന്നുണ്ട്.

ഒരു തലത്തിൽ പുതുപ്രസ്ഥാനങ്ങൾ ഭരണകൂടത്തെയാണ് അഭിസംബോധന ചെയ്യുന്നത്. ലോകസമൂഹത്തെയല്ല. അവശവിഭാഗങ്ങൾക്ക് അവകാശങ്ങൾ നല്കണം, പരിഃസ്ഥിതി സംബന്ധമായി നിയമങ്ങൾ ഉണ്ടാക്കണം എന്നൊക്കെപ്പറയുന്നത് ഭരണകൂടത്തോടാണ്. അതിനെ മറികടക്കുന്ന രാഷ്ട്രീയഭാഷ പുതിയ സാമൂഹ്യപ്രസ്ഥാനങ്ങൾ ഉണ്ടാക്കിയെടുത്തിട്ടുണ്ടോ എന്നതു സംശയമാണ്. ഭരണകൂടത്തോടു കാര്യങ്ങൾ ആവശ്യപ്പെടുന്നത് കുറഞ്ഞതരം രാഷ്ട്രീയപ്രവർത്തനമാണെന്നു വിശ്വസിക്കുന്ന ഒരാളല്ല ഞാൻ.

**ദിലീപ്:** വികസന ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടല്ലാതെ സ്വന്തമാവശ്യങ്ങളുന്നയിക്കുന്നു എന്നത് പുതിയ പ്രസ്ഥാ

നങ്ങളുടെ ശ്രദ്ധേയമായ ഒരു വ്യത്യസ്തതയാണ്.

**രേഖാരാജ്:** ജനകീയാസൂത്രണത്തിലാണെങ്കിൽ വീട്ടമ്മ എന്ന നിലയ്ക്കു മാത്രമാണ് സ്ത്രീകൾ അഭിസംബോധന ചെയ്യപ്പെടുന്നത്. കേരളവികസനപദ്ധതിയുമായി ബന്ധപ്പെട്ട ഒന്നു രണ്ടു പ്രോജക്ടുകളിൽ ജോലി ചെയ്തപ്പോൾ എനിക്കൊരു കാര്യം മനസ്സിലായി. പലപ്പോഴും പത്തോ ഇരുപതോ വരുന്ന സ്ത്രീകളുടെ കൂട്ടത്തിനായിരിക്കും ഫണ്ട നുവദിക്കുന്നത്. പട്ടികജാതിയിൽപ്പെട്ട സ്ത്രീകൾക്ക് അവരുടെ കുലത്തൊഴിലുമായി ബന്ധപ്പെട്ട് കൊയ്ത്തിനോ പാട്ടക്കൃഷിക്കോ ഒക്കെയാവും ഫണ്ടനുവദിക്കുക. ഉയർന്ന സമുദായാംഗങ്ങളായ സ്ത്രീകൾക്ക് വേറൊരു തരത്തിലാവും ഫണ്ട്. ഇതൊക്കെ വളരെ സ്വാഭാവികം എന്ന മട്ടിലാണ്. മേൽജാതിക്കാർക്ക് കമ്പ്യൂട്ടറിനും ഗാർമെന്റ്സിനുമൊക്കെയാവും. സ്ത്രീപക്ഷം എന്നു പറയുന്നതിനകത്തും ജാതിയുണ്ട്. ഇതിൽ ഒരേസമയം സ്ത്രീവിരുദ്ധതയും ജാതീയതയുമുണ്ട്. സി.ഡി. എസ്സുമായൊക്കെ ബന്ധപ്പെട്ടു നടക്കുന്ന ക്ലാസ്സുകൾ സദാചാരപ്രധാനവും നല്ല വീട്ടമ്മയാകാൻ പഠിപ്പിക്കുന്ന തരത്തിലുള്ളതുമാണ്. വികസനത്തെയും വീട്ടമ്മയെയുമൊക്കെ സംബന്ധിച്ച് ഏകപക്ഷീയമായ വീക്ഷണങ്ങളാണ് ഊട്ടിയുറപ്പിക്കപ്പെടുന്നത്. സ്വന്തമാവശ്യങ്ങൾ സ്വയമുന്നയിക്കാനോ നിർവചിക്കാനോ അവസരങ്ങൾ ഒട്ടുമില്ല.

**ദിലീപ്:** സ്ത്രീവാദപ്രസ്ഥാനം വികസനവാദ ചട്ടക്കൂടിനെ ഭേദിക്കുന്നതിൽ ഒട്ടും വിജയിച്ചിട്ടില്ല എന്നാണോ?

**രേഖ:** ഫെമിനിസ്റ്റ് മൂവ്മെന്റിന് എന്തായാലും കഴിയുന്നില്ല. ഒന്നുകിൽ പീഡനം അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട അധികാരരാഷ്ട്രീയം. ഇതിനപ്പുറമുള്ള സാമൂഹികാനുഭവങ്ങൾ ഫെമിനിസ്റ്റ് ഭാഷയുടെ ഭാഗമായിട്ടില്ല. നമുക്കു പറയാനുള്ള ഇടംകൂടി അവർ ചിലപ്പോൾ മുൻകൂറായി ഇല്ലാതാക്കിക്കളയും.

**എ.കെ.രാമകൃഷ്ണൻ:** പ്രസ്ഥാനങ്ങൾക്ക് സ്ഥിരതയുണ്ടെന്നു വിചാരിക്കുന്നത് പ്രശ്നമാണ്. അവ വരികയും പോവുകയും ചെയ്യുന്നതാണ്. റെസിഡ്യൂവൽ ആയ ഇഫക്ട് അതുണ്ടാക്കിയെന്നിരിക്കും. അങ്ങനെ ചലനാത്മകമായ ഒരു നീക്കത്തിന് തിരികൊളുത്തിയെന്നും വരും.

**ദിലീപ്:** ഇത് ഇപ്പോഴും പരാതിയായിട്ടാണ് ഉന്നയിച്ചു കാണാറുള്ളത്. പുതിയ പ്രസ്ഥാനങ്ങൾക്ക് വ്യക്തമായ പ്രത്യയശാസ്ത്രമില്ല, ഉറച്ച നേതൃത്വമില്ല, ആളും കോളുമില്ല, അംഗീകൃത സമരരൂപങ്ങളനുസരിക്കുന്നില്ല എന്നൊക്കെ...

**എ.കെ.രാമകൃഷ്ണൻ:** 'പ്രതിഷേധിക്കുക, പിരിഞ്ഞു പോവുക' എന്ന സംഗതിക്ക് വളരെ പ്രസക്തിയുണ്ട്. അതിവിടുത്തെ യാഥാസ്ഥിതിക സംവിധാനങ്ങൾക്ക് മുറിവുകളുണ്ടാക്കുന്നു. പെട്ടെന്നൊന്നും ഉണക്കി പഴയതുപോലാക്കാൻ കഴിയില്ല. ആഴത്തിൽ ഒരു മുറിവുണ്ടാക്കാൻ കഴിയുമെങ്കിൽ അതാണു വേണ്ടത്.

രൂപങ്ങളെപ്പറ്റിയാണെങ്കിൽ ഒരു കാര്യം പറയാം. കൈരളി ടി.വി.യിലാണെന്നു തോന്നുന്നു, ഈയിടെ കണ്ടത്. ഏതോ ആഘോഷവുമായി ബന്ധപ്പെട്ട് ഒരു വീട്ടിനകത്ത് സാരിയൊക്കെയുടുത്ത് സ്ത്രീകളും കുട്ടികളും ഡാൻസു ചെയ്യുന്നു. ഇതെപ്പറ്റി 'സാക്ഷി' എന്ന ഭീകരപരിപാടിയിൽ ഉള്ള കമന്റ് 'ഇങ്ങനെ നമ്മുടെ നാട്ടിൽ ചെയ്യുന്നവരെ ചാണകവെള്ളം മുക്കിയ ചൂലുകൊണ്ടടിക്കണം.' ചാണകവും ചൂലുമൊക്കെ സങ്കല്പിക്കുന്ന ഇവരുടെ സോഷ്യൽ ഇമാജിനേഷന്റെ വേരുകൾ എത്ര പുറകിലായിരിക്കും. സത്യത്തിൽ എനിക്കവർ ഡാൻസ് ചെയ്യുന്നതു കണ്ടപ്പോൾ അങ്ങേയറ്റത്തെ സന്തോഷമാണുണ്ടായത്.

**എം.ആർ. രേണുകുമാർ:** ഇത്തരത്തിലുള്ള ബിംബങ്ങളിലൂടെയാണ് സംവേദനശീലങ്ങൾ ശരിക്കും പുറത്തുവരിക. വളരെ സ്വാഭാവികമായിത്തന്നെയാണിതു പുറത്തു വരുന്നത്. ചൂല്, ചാണകം എന്നിവയുടെയുള്ളിൽ ചില പ്രച്ഛന്ന പ്രത്യയശാസ്ത്രങ്ങൾ തന്നെയാണു കിടക്കുന്നത്.

**എ.കെ.രാമകൃഷ്ണൻ:** സിനിമാറ്റിക് ഡാൻസ് ഇതുപോലെ തന്നെയാണ്. ലിംഗഭേദ മതിലുകളൊക്കെ ആദ്യമായാണ് കുട്ടികൾ ഭേദിക്കുന്നത്. കുറേക്കൂടി പുരോഗമനപരമായ ഒരു യുവതലമുറയാണ് വളർന്നു വരുന്നത്. അപ്പോഴാണ് SFIയും KSUവും ഒക്കെ ഒറ്റക്കെട്ടായി അതിനു നിരോധനമാവശ്യപ്പെടുന്നത്.

**രേണുകുമാർ:** ജാസി ഗിഫ്റ്റിന്റെ പാട്ട് വന്നതോടെ അനങ്ങാതെ നിന്നു പാടാൻ പറ്റാതായി. സംഗീതത്തോടൊപ്പം സ്വാഭാവികമായി എല്ലാവരും ഡാൻസു കളിക്കുകയാണ്. എല്ലാവരും ആകെ ഇളകുന്ന ഒരവസ്ഥ ഇവിടെ സഹിക്കാനേ പറ്റുന്നില്ല.

**എ.കെ.രാമകൃഷ്ണൻ:** മൂവ്മെന്റ് എന്നു പറഞ്ഞാൽത്തന്നെ എന്താണ്? ആളുകൾ കൈയും കാലുമിട്ടു കളിക്കുന്നതാണ്. ഇളകാതെ ഉറച്ചു നില്ക്കുന്നതല്ല. എന്തുകൊണ്ടാണ് ചില ശരീരങ്ങൾക്കുമാത്രം ഇളകാനുള്ള അവകാശം, ചില ശരീരങ്ങൾക്ക് ഇല്ലാത്തത്. അവകാശമില്ലാത്ത ശരീരങ്ങൾ ചലിക്കാൻ ശ്രമിക്കുമ്പോഴാണ് മൂവ്മെന്റ് എന്നു സാമൂഹികമായി പറയുന്നത്. അപ്പോൾ യാഥാസ്ഥിതികർക്ക് ഇരിപ്പുറക്കില്ല. കുട്ടികൾ യാഥാസ്ഥിതികത്വത്തെ അട്ടിമറിക്കുന്ന മൂവ്മെന്റ് തുടങ്ങുകയാണു ചെയ്യുന്നത്. ശരിക്കുമുള്ള മൂവ്മെന്റ് കാമ്പസുകളിലാണു തുടങ്ങുന്നത്. നമ്മളതിനെ ആഭാസം എന്നു വിളിക്കുന്നു.

**സുനിൽ:** നമ്മുടെ ഈ ചർച്ചയിൽ ചിലതൊക്കെ പറയാതെ പോവുന്നില്ലേ? ദലിത്, സ്ത്രീ, ലൈംഗികത എന്നിവയക്കെ ചർച്ച ചെയ്യപ്പെടുമ്പോൾ സാമ്പത്തികമേഖലയെ പുനർരാഷ്ട്രീയവത്കരിക്കാനോ കൗമാരക്കാരുടെയും ഡിസേബ്ൾഡ് ആയവരുടെയുമൊക്കെ അവകാശങ്ങൾ ഉയർത്താനോ കഴിയാതെ പോവുന്നു.

**എ.കെ.രാമകൃഷ്ണൻ:** നവസാമൂഹികപ്രസ്ഥാനങ്ങൾ എന്നു നാം വിളിക്കുന്നത് പലപ്പോഴും യാഥാസ്ഥിതികമാ

ണ്. ലൈംഗികതയുടെ കാര്യമൊക്കെ വരുമ്പോൾ പൊളിറ്റിക്കൽ എക്കോണമി ചർച്ച ചെയ്യണം എന്ന നിർബന്ധം കാണാം.

**രേണുകുമാർ:** ദലിതുകളുടെ അനുഭവത്തിൽ ഇടതുപക്ഷത്തിന് ഏറ്റെടുക്കാവുന്ന പ്രശ്നങ്ങളല്ല ഉള്ളത്. രാഷ്ട്രീയാധികാരത്തിലും വിഭവങ്ങളിലും പങ്കാളിത്തമില്ലാതെ, ഇടത് പ്രത്യയശാസ്ത്രത്തെ എല്ലാമേല്പിച്ചു കൊടുത്ത് കാത്തിരിക്കുക സാധ്യമല്ല. ഇങ്ങനെ വല്ല വാദങ്ങളും പറഞ്ഞാലുടനെ 'വിഭാഗീയത' എന്ന മുദ്ര ചാർത്തപ്പെടും. 'ദലിത് സാഹിത്യം' എന്നത് പൊതുസംവേദനക്ഷമതയെത്തന്നെ പരിവർത്തിപ്പിക്കാനുതകുന്ന ഒന്നായി വിശാലാർത്ഥത്തിൽ അവതരിപ്പിച്ചാലും തിരിച്ചു പറയുന്നത് സാഹിത്യത്തിലെങ്കിലും നിങ്ങളിതൊഴിവാക്കണമെന്നാണ്.

**രേഖ:** ദലിത് വിദ്യാർത്ഥി പ്രസ്ഥാനവുമായി ബന്ധപ്പെട്ട ഒരാൾ എന്നെ സമീപിച്ച് ഹോസ്റ്റലുകളിലെ പെൺകുട്ടികളുമായി സംസാരിക്കണം എന്നു പറഞ്ഞു. ഞാൻ ചെല്ലാമെന്നേറ്റു. പിന്നീടദ്ദേഹം ഒരു കുട്ടിയുടെ പേരു പറഞ്ഞ്, അവൾ നല്ല കുട്ടിയാണ്, പക്ഷേ, ഒരു കുഴപ്പമുണ്ട്, കല്യാണം കഴിച്ച ഒരാളുമായി പ്രേമിച്ചു നടക്കുകയാണ് എന്നു പറഞ്ഞു. അതിനെന്താ കുഴപ്പം എന്നു ചോദിച്ചപ്പോൾ രാഷ്ട്രീയപ്രസ്ഥാനത്തിനകത്തു നില്ക്കുമ്പോൾ ഇതൊന്നും പറ്റില്ല എന്നു പറഞ്ഞു.

രാഷ്ട്രീയപ്രസ്ഥാനത്തിലായാലെന്താ പ്രേമിക്കാൻ പാടില്ലേ?

**രേണുകുമാർ:** അറുപതുകൾക്കു ശേഷമുണ്ടായ എല്ലാ മൂവ്മെന്റുകളെയും നമ്മൾ ന്യൂ സോഷ്യൽ മൂവ്മെന്റ്സ് എന്നു പേരിട്ടു വിളിക്കുകയാണ്. അവരുടെ പ്രവർത്തനങ്ങളെന്താണെന്നു നോക്കുന്നതേയില്ല.

**രേഖ:** പലതും സ്വാംശീകരിക്കപ്പെട്ടു പോവുകയാണ്. ഒരഞ്ചുവർഷം മുമ്പ് ചിലതൊക്കെ പറഞ്ഞാൽ നമ്മളെ തല്ലിക്കൊല്ലുമായിരുന്നു ഇവമ്മാർ. ഇന്നവർ അതിനെപ്പറ്റി പേപ്പറവതരിപ്പിക്കുകയാണ്.

**എ.കെ.രാമകൃഷ്ണൻ:** സാംസ്കാരികവാദം എന്ന അപകടവും ജാഗ്രതയോടെ പരിശോധിക്കേണ്ടതാണ്. ടൂറിസ്റ്റ് വ്യവസായം ഇന്നയിന്ന പ്രശ്നങ്ങളുണ്ടാക്കുന്നു, അതിന്റെ പൊളിറ്റിക്കൽ ഇക്കണോമി ഇന്നതാണ് എന്നു പറഞ്ഞാൽ മനസ്സിലാക്കാം. നേരേമറിച്ച് പറയുന്നത്, നമ്മുടെ സാംസ്കാരികതനിമ നഷ്ടപ്പെട്ടുപോവും കേരളത്തിൽ ലൈംഗിക അരാജകത്വവും എയ്ഡ്സും വരും എന്നൊക്കെയാണ്. ഇതിൽ അന്തർലീനമായിട്ടുള്ളത് സീനോഫോബിയ, വിദേശി വിരോധം ആണ്. നമ്മളല്ലാതെ ഒരാളും ഇങ്ങോട്ടു കയറി വരേണ്ട, നമ്മളെ അശുദ്ധമാക്കേണ്ട എന്നുള്ള ഒരു ബോധം.

**ദിലീപ്:** റിച്ചാർഡ് ഫ്രാങ്കിയുടെ ശരാശരി അക്കാദമിക നിലവാരമുള്ള പഠനത്തെ നേരിടാനുള്ള എളുപ്പവഴി അക്കാദമികമായിത്തന്നെ അതിനെ തുറന്നു കാണിക്കുക എന്നതാണെന്നിരിക്കെ സി.ഐ.എ. ചാരൻ എന്നു വിളിച്ചാലേ ചിലർക്ക് ഇവിടെ സമാധാനമാവൂ.

**എ.കെ. രാമകൃഷ്ണൻ:** ഇവിടെ മുദ്രയടിക്കലാണ്. ഒരു വെള്ളക്കാരൻ നടന്നുപോയാൽ സി.ഐ.എ. ചാരൻ, കുറച്ചു വെളുപ്പുള്ള പാർട്ടിക്കാരും സി.ഐ.എ.ചാരന്മാർ. മറ്റു സമൂഹങ്ങളുമായി ഉള്ളു തുറന്ന ബന്ധത്തിനു തയ്യാറാവുന്നത് ഉള്ളുറപ്പുള്ള ഒരു സമൂഹമായിരിക്കും. യാതൊന്നും അകത്തില്ല എന്നതിന്റെ തെളിവുമാത്രമാണ് എല്ലാം മറ്റുള്ളവർ തട്ടിക്കൊണ്ടുപോകുമെന്ന ഭീതി.

**ദിലീപ്:** പുതുപ്രസ്ഥാനങ്ങളും എൻ.ജി.ഒ.കളും തമ്മിലുള്ള ബന്ധം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടല്ലോ. ഇവ തമ്മിലുള്ള ബന്ധത്തിലെ സങ്കീർണ്ണതകൾ എങ്ങനെയാണ് വിലയിരുത്താനാവുക?

**എ.കെ.രാമകൃഷ്ണൻ:** ചില എൻ.ജി.ഒ.കൾ സ്വയം ഒരു ഗവണ്മെന്റാണ്. പ്രത്യേകിച്ചും INGO കൾ (International NGO കൾ.) പ്രസ്ഥാനങ്ങളെയും എൻ.ജി.ഒകളെയും സങ്കല്പനപരമായി നമ്മൾ വേർതിരിക്കണം. ചില പ്രസ്ഥാനങ്ങളിൽ എൻ.ജി.ഒ. ഉണ്ടാകും, ചിലവ ഉണ്ടാക്കുന്നത് എൻ.ജി. ഒ. ആയിരിക്കും. എനിക്ക് ഉള്ളിന്റെയുള്ളിൽ ഒരു എൻ.ജി.ഒ. വിരോധമുണ്ട്. എങ്ങനെ വന്നു എന്നൊന്നും എനിക്കറിയില്ല.

എൺപതുകളിൽ പയ്യന്നൂരിൽ പബ്ലിക് ഹെൽത്ത് ഫോറത്തിലൊക്കെ പ്രവർത്തിക്കുമ്പോഴെടുത്ത ഒരു തീരുമാനം അത് രജിസ്റ്റർ ചെയ്യില്ല എന്നതാണ്. ഫണ്ടില്ലാത്തതു കൊണ്ട് ഏതെങ്കിലും പ്രശ്നത്തിൽ ഇടപെടാൻ പ്രശ്നമുണ്ടായിട്ടില്ല. ആൾക്കാരിൽ നിന്നു പിരിക്കാം. ആരും ഫണ്ടു വാങ്ങരുതെന്ന ധ്രുവത്തിലേക്കല്ല ഞാൻ പോവുന്നത്. എന്തുതരം ഫണ്ട് എന്നുള്ളത് പ്രധാനപ്പെട്ടതാണ്. പലതരം ഫണ്ടിങ്ങ് ഓപ്ഷൻസ് ഉണ്ട്.

പ്രസ്ഥാനങ്ങൾക്ക് സ്വയം പര്യാപ്തമാവാൻ കഴിയുമോ എന്നത് അന്വേഷിക്കേണ്ട വിഷയമാണ്. ഉദാഹരണത്തിന് പൊയ്കയിൽ യോഹന്നാൻ. സമുദായത്തിൽ നിന്നുതന്നെ വിഭവസമാഹരണം നടത്തണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അദ്ദേഹം വലിയ സ്ഥലം വാങ്ങി, ഒട്ടേറെ സ്ഥാപനങ്ങൾ സ്ഥാപിച്ചു. സാമൂഹ്യമായി ഏറ്റവും ഓരങ്ങളിൽനിന്നുകൊണ്ട് വിഭവങ്ങളുണ്ടാക്കി പ്രവർത്തിക്കാമെന്ന് പലരും തെളിയിച്ചിട്ടുണ്ട്.

പണം tricolor ആണോ എന്നു നോക്കുകയല്ല വേണ്ടത്. പരസ്യപ്രവർത്തനം നടത്തുന്നവർ സുതാര്യമായി കണക്കവതരിപ്പിക്കണം. നിഗൂഢതകൾവച്ചു പുലർത്തരുത്.

**ദിലീപ്:** പ്രവർത്തനാനുഭവങ്ങളിൽ ഉണ്ടായ തടസ്സങ്ങളും വിജയങ്ങളും എന്തൊക്കെയാണെന്നു പറയാമോ?

**എ.കെ.രാമകൃഷ്ണൻ:** ഞാൻ പങ്കെടുത്ത ഒരു വലിയ പ്രസ്ഥാനം പെരിങ്ങോം ആണവനിലയത്തിനെതിരെയുള്ളതാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ ശക്തികേന്ദ്രങ്ങളിൽ പ്രസ്ഥാനങ്ങളുണ്ടാവുക ദുഷ്കരമാണെന്ന് എല്ലാവരും പറയാറുണ്ട്. അവിടുത്തെ അനുഭവം വ്യത്യസ്തമായിരുന്നു. നായനാർ ഗവണ്മെന്റ് ഭരിക്കുമ്പോഴാണ് തൊണ്ണൂറുശത

മാനത്തിലധികം മാർക്സിസ്റ്റ് പാർട്ടിക്കാരുള്ള പെരിങ്ങോത്ത് പ്രസ്ഥാനമുണ്ടായത്. ലഭ്യമായ വിവരങ്ങൾവച്ച് യോഗങ്ങളൊക്കെ സംഘടിപ്പിച്ച് പ്രചരണങ്ങൾ നടത്തിയത് ഫലപ്രദമായി.

**ദിലീപ്:** അനുഭവങ്ങളിൽ സമ്പന്നമാവുമ്പോഴും അവയെ ആശയവത്കരിക്കാനും തുടർന്നുള്ള അന്വേഷണങ്ങളിൽ ഏർപ്പെടാനുമുള്ള വിമുഖത ഇത്തരം പ്രസ്ഥാനങ്ങളിലുള്ളവർക്കുണ്ട്. അതുണ്ടാക്കുന്ന ശൂന്യതയിലാണ് വ്യവസ്ഥാപിത ഇടതുപക്ഷം കയറിവന്ന് എല്ലാം സ്വന്തമാക്കുന്നത്.

**രേഖ:** അച്ഛനൊക്കെ പറയുന്ന ഒരു കാര്യമുണ്ട്. പണ്ട് പുലയരെല്ലാംകൂടി കോൺഗ്രസ് ഉണ്ടാക്കി. കുറേക്കഴിയുമ്പോൾ സവർണക്രിസ്ത്യാനികൾ അതെല്ലാം കൊണ്ടുപോയി. പിന്നീട് നമ്മളെല്ലാംകൂടി പാർട്ടിയുണ്ടാക്കി. അതും അവന്മാരു കൊണ്ടുപോയി. ഇനിയിപ്പോ ഉള്ളതും മിക്കവാറും അവര് കൊണ്ടുപോകുമായിരിക്കും. ഇത് ഒരു ദലിത് അനുഭവമാണ്.

**എ.കെ. രാമകൃഷ്ണൻ:** നിലവിലുള്ള മൂവ്മെന്റുകൾക്ക് ഒരു ഷാർപ്പ് എഡ്ജില്ല എന്ന പ്രശ്നമുണ്ട്. ഒരു മുറിവുണ്ടാക്കുംവിധം അടിക്കാൻ പറ്റുന്ന പ്രസ്ഥാനങ്ങൾ കുറവാണ്. മുത്തങ്ങസമരം ഒരുവിധത്തിൽ അതുണ്ടാക്കി. ആൾക്കാരെ പിടിച്ചുലയ്ക്കുന്ന, അവരുടെ വിശ്വാസങ്ങളെ ഉലയ്ക്കുന്ന പ്രസ്ഥാനങ്ങൾ കുറവാണ്.


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER**

**JAAGRATHAYUDE KERALEEYAM**
(Form IV See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of its Publication | : | Monthly |
| 3. Printer's Name | : | K.S.Pramod |
| Whether citizen of India? | : | Yes |
| Address | : | Keraleeyam, Municipal Market Bldg., Kokkalai, Thrissur-21 |
| 4. Publisher's Name | : | K.S.Pramod |
| Whether citizen of India? | : | Yes |
| Address | : | K.S. Pramod, Kanamkott House P.O. Akkikavu, Thrissur- 680 519 |
| 5. Editor's Name | : | K.S. Pramod |
| Whether citizen of India? | : | Yes |
| Address | : | *Keraleeyam* Municipal Market Bldg., Kokkalai, Thrissur-21 |
| 6. Name and addresses of individuals who own the newspaper & partners or shareholders holding more than one percent of the total capital | : | K.S. Pramod, 'Keraleeyam', Municipal Market Bldg., Kokkalai, Thrissur-21 |

I, K.S. Pramod, hereby declare that the particulars given above are true to the best of my knowledge and belief.

01-03-2005
Thrissur

Sd/-
Publisher


അറിയിപ്പ്

# വധശിക്ഷാ വിരുദ്ധ കൺവെൻഷൻ മെയ് 1-ന് തിരുവനന്തപുരത്ത്

വധശിക്ഷ നിർത്തൽ ചെയ്യുക, കോടതികൾ കൊല്ലാനുള്ള അധികാരം കയ്യൊഴിയുക, തടവുകാരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് പുതു സാമൂഹ്യപ്രസ്ഥാനങ്ങളുടെയും ഗ്രൂപ്പുകളുടെയും ജനാധിപത്യവാദികളുടെയും മുൻകൈയിൽ മെയ് 1-ന് തിരുവനന്തപുരത്ത് വധശിക്ഷാവിരുദ്ധ കൺവെൻഷൻ നടക്കുകയാണ്.

കൺവെൻഷനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ സംസ്ഥാനതല സ്വാഗതസംഘം രൂപം കൊണ്ടിട്ടുണ്ട്. ജീവിക്കാനുള്ള അവകാശമടക്കമുള്ള തടവുകാരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കണമെന്നും അതിന് ആവശ്യമായ നയപരവും നിയമപരവുമായ നടപടികൾ കൈക്കൊള്ളണമെന്നും ആവശ്യപ്പെടുന്ന ജനകീയ നിവേദനം– മനുഷ്യാവകാശ മെമ്മോറിയൽ-രൂപപ്പെടുത്തി കൺവെൻഷനോടനുബന്ധിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിക്കും. പ്രാദേശികതല കൂടിച്ചേരലുകൾക്കും കലാസാംസ്കാരിക പ്രതികരണങ്ങൾ, പ്രകടനങ്ങൾ, സത്യാഗ്രഹം പോലുള്ള പ്രചരണപരമായ പരിപാടികൾക്കും സ്വാഗതസംഘം നേതൃത്വം നല്കും.

പുതിയ ഭരണനയങ്ങളുടെ ഭാഗമായി സംസ്ഥാനത്തും രാജ്യത്തും വധശിക്ഷാവിധികൾ വർദ്ധിച്ചുവരികയാണ്. ക്രമവൽക്കരിക്കപ്പെട്ട ഭരണകൂട ഭീകരതയുടെ ഭാഗമാണ് വധശിക്ഷ. ഒരു വശത്ത് നിയമവിരുദ്ധമായ ഭരണകൂട അതിക്രമങ്ങൾ ബഹുജനവിമർശനത്തിന് വിഷയമാകുമ്പോൾത്തന്നെ മറുവശത്ത് കോടതി-നിയമ നടപടികളുടെ സാധൂകരണങ്ങളോടെ തടവുകാരുടെ ജീവിക്കാനുള്ള അവകാശമടക്കമുള്ള മനുഷ്യാവകാശങ്ങൾക്ക് നേരേ വിവേചനപരമായി അരങ്ങേറുന്ന ഭരണകൂട അതിക്രമങ്ങൾ സ്വാഭാവികവൽക്കരിക്കപ്പെടുകയും ഒരു പറ്റ നീതിവിചാരത്തിന് സ്വീകാര്യമാക്കപ്പെടുകയുമാണ്.

ഭൂരിപക്ഷം രാജ്യങ്ങളും വധശിക്ഷ ഉപേക്ഷിച്ചു കഴിഞ്ഞിട്ടുണ്ട്. ഏറ്റവും പുതിയ കണക്കു പ്രകാരം 200 ഓളം രാജ്യങ്ങളിൽ 120 ഓളം രാജ്യങ്ങൾ (ഒന്നുകിൽ നിയമത്തിന്റെ തലത്തിൽ അല്ലെങ്കിൽ പ്രയോഗത്തിന്റെ തലത്തിൽ) കൊലയെ മാതൃകയാക്കുന്ന പ്രാകൃതമായ ഈ ശിക്ഷാമുറ ഉപേക്ഷിച്ചവയാണ്. ഈ അന്താരാഷ്ട്ര ചലനത്തിൽ കൂടുതൽ കൂടുതൽ രാജ്യങ്ങൾ അണി ചേരുകയും ചെയ്യുകയാണ്. അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഒപ്പുവച്ചുകൊണ്ട് ജീവിക്കാനുള്ള അവകാശം ഔദ്യോഗികമായി ഉയർത്തിപ്പിടിക്കുന്ന ഒരു രാജ്യം ഈ ചലനത്തിന് നേർവിപരീതമായ ദിശയിൽ നീങ്ങുന്നു എന്നത് അത്തരമൊരു നിലപാടിനു പിന്നിലെ ജനാധിപത്യവിരുദ്ധമായ നിക്ഷിപ്ത താത്പര്യങ്ങളെ സൂചിപ്പിക്കുന്നു.

കുറ്റവാളി ശിക്ഷിക്കപ്പെടണമെന്ന നീതിബോധം കേവലം പ്രാകൃതമാകാതിരിക്കാൻ നീതിയെയും ശിക്ഷാനീതിയെയും കുറിച്ചുള്ള പുരോഗമനപരമായ വിമർശനധാരണകൾ വികസിക്കേണ്ടതുണ്ട്. ജനാധിപത്യപരമായ നീതിന്യായ പ്രക്രിയയുടെ ഒരു നിലപാടിൽ അധിഷ്ഠിതമായിത്തന്നെ, തടവുകാരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്ന ഒരു മാറ്റം രാജ്യത്തുണ്ടാകണം.

ഈ നിലപാടിന്റെ അടിസ്ഥാനത്തിലാണ് ഒരു അടിസ്ഥാന ജനാധിപത്യ പ്രസ്ഥാനമെന്ന നിലയിൽ വധശിക്ഷ വിരുദ്ധപ്രസ്ഥാനം രൂപം കൊള്ളുന്നത്. പ്രാന്തീകരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ അവകാശങ്ങളുടെ പ്രശ്നത്തിലും സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിലും താത്പര്യമുള്ള മുഴുവനാളുകളും കക്ഷിരാഷ്ട്രീയത്തിനതീതമായി സ്വതന്ത്രമായ ഈ പ്രസ്ഥാനത്തിലും പരിപാടികളിലും പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ബന്ധങ്ങൾക്ക്: **കെ. ഗിരീഷ്കുമാർ,** ഫോൺ: 9847049658